പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4940 | 26.06.2019 ൽ മറുപടിയ്ക്ക്

## ഇലക്ട്രിക് വാഹന നയം

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇലക്ട്രിക് വാഹന നയത്തിന്റെ ഭാഗമായി ഓട്ടോറിക്ഷകൾക്ക് പെർമിറ്റ് നൽകുന്ന കാര്യത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഇനിമുതൽ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് മാത്രം പെർമിറ്റ് നൽകിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇലക്ട്രിക് വാഹനനയത്തിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി എന്നീ നഗരങ്ങളിൽ LPG/CNG/ Electric Autorickshaw കളുടെ എണ്ണം നിലവിലുള്ളവ കൂടാതെ 3000 എണ്ണം കൂടുതൽ അനുവദിച്ചിട്ടുണ്ട്.<br>ഈ അനുവദിച്ചിരിക്കുന്ന 3000 എണ്ണത്തിൽ 2000 എണ്ണം ഇലക്ട്രിക് ഓട്ടോറിക്ഷകളാണ്. ബാക്കി 1000 എണ്ണം CNG/LNG/LPG എന്നീ ഇന്ധനം ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകൾക്കും നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.<br>ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് മാത്രം പെർമിറ്റ് നൽകിയാൽ മതിയെന്ന് തീരുമാനിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ഓട്ടോറിക്ഷകൾ ചാർജ് ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തുടനീളം വൈദ്യുത ചാർജിംഗ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുണ്ട്. ഇതിനായി കെ.എസ്.ഇ.ബി യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പരിസരമലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ എല്ലാ ബസുകളും ഇ-ബസ് ആക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഇ-ബസ് നിർമ്മിച്ച് നൽകുന്നതിനായി ഏതെങ്കിലും വിദേശ കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സ്വിറ്റ്സർലണ്ടിലെ 'Hess & Caetano' എന്ന സ്ഥാപനവുമായി ചർച്ച നടത്തിയിട്ടുണ്ട്. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് (KAL) മായി സഹകരിച്ച് കേരളത്തിൽ ഇ-ബസ് നിർമ്മിക്കുന്നതിനാണ് ആലോചിക്കുന്നത്. ഇത് സംബന്ധിച്ച ചർച്ചകൾ പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ